**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 762** **11-06-2024 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ തുറമുഖ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ മൈനർ തുറമുഖങ്ങൾക്ക് വേണ്ടി നീക്കിവെച്ച തുകയുടെ വിശദാംശം നൽകാമോ; | (എ) | കേരളത്തിലെ നോൺ മേജർ തുറമുഖ വികസനത്തിനായി കേരള മാരിടൈം ബോർഡിന്, നോൺ മേജർ തുറമുഖ വികസനം, അഴീക്കൽ തുറമുഖ വികസനം, വിഴിഞ്ഞം കാർഗോ ഹാർബർ, തങ്കശ്ശേരി തുറമുഖ വികസനം, ആലപ്പുഴ തുറമുഖ വികസനം, കോഴിക്കോട്/ ബേപ്പൂർ തുറമുഖ വികസനം, പൊന്നാനി തുറമുഖ വികസനം എന്നീ ശീർഷകങ്ങളിലായി 2021-2022 സാമ്പത്തിക വർഷം മുതൽ 2024-2025 സാമ്പത്തിക വർഷം വരെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>2021-2022 - 47.19 കോടി രൂപ<br><br>2022-2023 - 45.01 കോടി രൂപ<br><br>2023-2024 - 45.50 കോടി രൂപ<br><br>2024-2025 - 44.20 കോടി രൂപ |
| (ബി) | പ്രസ്തുത തുക ഉപയോഗിച്ച് അഴീക്കൽ തുറമുഖത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ അഴീക്കൽ തുറമുഖ ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തിക്ക് 60,00,000/- രൂപയുടെ ഭരണാനുമതിയും ഫണ്ടും അനുവദിച്ച നൽകിയിട്ടുണ്ട്.<br><br>160 കെ.വി.എ ജനറേറ്റർ, ജനറേറ്റർ റൂം സ്ഥാപിക്കുന്ന പ്രവർത്തി (ഭരണാനുമതി തുക: 25,36,663/-), ടിവി ക്യാമറകൾ സ്ഥാപിക്കുന്ന പ്രവർത്തി (ഭരണാനുമതി തുക: 12,74,631/-), ഹൈമാസ്റ്റ് ലൈറ്റുകൾ (16m) സ്ഥാപിക്കുന്ന പ്രവർത്തി (ഭരണാനുമതി തുക:14,30,570/-), എന്നീ പ്രവർത്തികൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും പ്രവർത്തി പൂർത്തീകരിച്ചി ട്ടുണ്ട്. |
| (സി) | ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ; വിശദാംശം | (സി) | 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ : |

| | | | |
|---|---|---|---|
| | അറിയിക്കാമോ? | | 1) അഴീക്കൽ കപ്പൽ ചാനലിന്റെ ആഴം അഴിമുഖം വരെ 4 മീറ്റർ സ്ഥിരമായി നിലനിർത്തുന്ന പ്രവർത്തി (ഉദ്ദേശിക്കുന്ന തുക : 5 കോടി )<br><br>2) എമിഗ്രേഷൻ ചെക്ക് പോസ്റ്റ് അടിസ്ഥാന സൗകര്യ ങ്ങൾ ഒരുക്കുന്ന പ്രവർത്തി (ഉദ്ദേശിക്കുന്ന തുക : 50ലക്ഷം)<br><br>3) അഴീക്കൽ തുറമുഖ വാർഫിൽ വാച്ച് ടവർ സ്ഥാപിക്കുന്ന പ്രവർത്തി (ഉദ്ദേശിക്കുന്ന തുക: 20 ലക്ഷം<br><br>4) അഴീക്കൽ തുറമുഖത്ത് ഐ.എസ്.പി.എസ് കോഡുമായി ബന്ധപ്പെട്ട് RADAR സ്ഥാപിക്കുന്ന പ്രവർത്തി (ഉദ്ദേശിക്കുന്ന തുക: 30 ലക്ഷം )<br><br>5. അഴീക്കൽ തുറമുഖ പരിധിയിലെ മാനുവൽ ഡ്രഡ്ജിങ് കടവുകളിലേക്ക് 16 കമ്പ്യൂട്ടർ; ലാപ് ടോപ്പ് അനുവദിക്കുന്നത് (ഉദ്ദേശിക്കുന്ന തുക: 8 ലക്ഷം) |

സെക്ഷൻ ഓഫീസർ